**ശ്രദ്ധക്ഷണിക്കൽ**

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. മാണി സി. കാപ്പൻ: സർ, റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് വിലസ്ഥിരതാ ഫണ്ടിന്റെ ആനുകൂല്യം ചിരട്ടപ്പാലിനുകൂടി ലഭ്യമാക്കുക, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, മീനച്ചിൽ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവിടങ്ങളിലെ പാൽ നഷ്ടപ്പെട്ട നിക്ഷേപകർക്ക് അത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ, ഭരണസമിതി അംഗങ്ങൾക്കുമേൽ ചുമത്തിയ സർചാർജ്ജ് ഈടാക്കുക, crumb rubber ലാറ്റക്സ് ഫാക്ടറികൾ പ്രവർത്തനക്ഷമമാക്കുക, സിയാൽ മാതൃകയിൽ റബ്ബർ മേഖലയുടെ പുനരുദ്ധാരണത്തിനായി ഒരു കമ്പനി രൂപീകരിക്കുന്ന നടപടി ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. (.....ബഹളം...)

മദ്ധ്യതിരുവിതാംകൂറിലാകെയും പാലായിൽ വിശേഷിച്ചും നിലനിൽക്കുന്ന പ്രശ്നമാണ് റബ്ബറിന്റെ വിലയിടിവിനെത്തുടർന്നുണ്ടായ പ്രതിസന്ധി. ഈ പ്രദേശങ്ങളിലെ പ്രധാന കൃഷിയും വരുമാന മാർഗ്ഗവും റബ്ബറായിരുന്നു. വർദ്ധിച്ച തോതിലുള്ള കൂലി ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്,

വിലയിടിവ് എന്നീ കാരണങ്ങളാൽ ഈ മേഖല ഇന്ന് പ്രതിസന്ധിയിലാണ്. കൃഷിയേയും അനുബന്ധ തൊഴിൽ മേഖലകളേയും ആശ്രയിച്ച് ജീവിച്ചുവരുന്ന നിരവധി കുടുംബങ്ങൾ ഇന്ന് ഭാവി എന്തെന്നറിയാതെ പകച്ചുനിൽക്കുകയാണ്. (.....ബഹളം...) ടാപ്പിംഗ് നടത്തിയെടുക്കുന്ന റബ്ബർ പാൽ പ്രധാനമായും മൂന്ന് വിധത്തിലാണ് സംസ്കരിക്കുന്നത്. റബ്ബർ ഷീറ്റായി സംസ്കരിക്കുന്നതിന് കൂടുതൽ അദ്ധ്വാനവും ചെലവും വരുന്നു. മരങ്ങളിൽനിന്നും ശേഖരിക്കുന്ന പാൽ വലിയ വീപ്പകളിൽ ശേഖരിച്ച് അമോണിയ ചേർത്ത് കട്ടിപിടിക്കാതെ പാലായി ലാറ്റക്സ് ഫാക്ടറികൾക്ക് നൽകുന്നു. (.....ബഹളം...) എന്നാൽ ടാപ്പിംഗ് കഴിഞ്ഞ് ചിരട്ടകളിൽ ശേഖരിക്കുന്ന പാൽ തനിയെ ഉറച്ചശേഷം ആയത് ചിരട്ടയിൽനിന്നും ശേഖരിക്കുന്നതിനെ "ഫീൽഡ് കൊയാഗുലം" "pup lump" എന്നോ ചിരട്ടപ്പാൽ എന്നോ പറയപ്പെടുന്നു. താരതമ്യേന അദ്ധ്വാനവും സമയവും കുറഞ്ഞ മാർഗ്ഗമാണിത്. (.....ബഹളം...)

(5 എം.എൽ.എ.-മാർ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ കയറി മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ഡയസ്സിൽനിന്നും ഇറങ്ങിപ്പോയതിനെത്തുടർന്ന് സഭ 10.51-ന് നിർത്തിവച്ചു.)